**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-06-02-2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്- റ്റി.എസ്.പി വിഹിതമായി വകയിരുത്തിയിരിക്കുന്ന തുക മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥിനികളുടെ പ്രീ-മെട്രിക് ഹോസ്റ്റലിൽ ശുചിത്വം സംബന്ധിച്ച അടിസ്ഥാന സൗകര്യമൊരുക്കാൻ ചെലവഴിക്കുന്നതിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കൈമാറാൻ അനുമതി നൽകി ഉത്തരവാകുന്നു

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം./577/2018/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,** 28/02/2018

പരാമർശം:- 1. കുഴൽമന്ദം ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിൻറെ കത്തും 17.01.2018-ലെ 4(1) നമ്പർ ഭരണസമിതി തീരുമാനവും.
2. 06.02.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.53-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ടി.എസ്.പി വിഹിതമായി കുഴൽ മന്ദം ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്തിന് 1,40,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പരിധിയിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾ ഇല്ലാത്തതിനാൽ ടി തുക മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥിനികളുടെ പ്രീ-മെട്രിക് ഹോസ്റ്റലിൽ ശുചിത്വം സംബന്ധിച്ച അടിസ്ഥാന സൗകര്യമൊരുക്കാൻ ചെലവഴിക്കുന്നതിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കൈമാറാൻ അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കുഴൽ മന്ദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

2. 06.02.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽ റ്റി.എസ്.പി വിഹിതമായി നടപ്പ് വർഷം വകയിരുത്തിയിരിക്കുന്ന 1,40,000/- രൂപ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പട്ടിക വർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥിനികളുടെ പ്രീ-മെട്രിക് ഹോസ്റ്റലിൽ ശുചിത്വം സംബന്ധിച്ച അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കൈമാറാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

പ്രസിഡണ്ട്/സെക്രട്ടറി കുഴൽമന്ദംബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 201[illegible] 11:42:23 IST
Reason: Approved
സെക്ഷൻ ഓഫീസർ